



# അതിജീവനം

*DIGITAL MAGAZINE BY*

***Little Kites***

***GOVT.HIGH SCHOOL KALLAR VATTIYAR***







## അതിജീവനം  അണിയറയിൽ

ചീഫ് എഡിറ്റർ : രാജുമുട്ടത്ത്

സ്റ്റാഫ് എഡിറ്റർ : ജിബിമോൻ കെ. ബി.

കൈറ്റ് മാസ്റ്റേഴ്സ് .ശ്രീകല സി.വി, മനോജ് കെ.പി.

സ്റ്റുഡൻറ് എഡിറ്റർ : അഭിനയ കെ .പി

എഡിറ്റോറിയൽ ബോർഡ്

1 .വിബിൻ ജയരാജ്

2 . ശ്യാം സിംസൺ

3 . തൻസീർ വി എ സ്

4 . സുഗന്ധി മുരുകൻ

5 . ബിലീവിയ ബിനു



## ടീം ലിറ്റിൽ കൈറ്റ്സ്

| | |
|---|---|
| അബിൻ മണിക്കുട്ടൻ | ഉണ്ണിമായ കെ പി |
| സുഗന്ധി മുരുഗൻ | തൻസീർ വി. എസ് |
| ആദർശ് രാജൻ | അജയ് ഉണ്ണികൃഷ്ണൻ |
| ആൽജോ തങ്കച്ചൻ | അശ്വിൻ സന്തോഷ് |
| ബെൽബിൻ ഷാജി | മിഥുൻ എം പി |
| സബിൻ ഷാജി | സന്ദീപ് ടി എസ് |
| സതീഷ് എം | ശ്യാം സിംസൺ |
| വിബിൻ ജയരാജ് | വിശാഖ് പി |
| അഭിനയ കെ പി | അനന്യ കെ പി |
| ആതിര റെജി | ബിലീവിയ ബിനു |
| ഗായത്രി ജയൻ | ജീഷ്മ വർഗീസ് |
| ജോബിനി ജോമോൻ | മെഹ്റിന ഷമീർ |






# എഡിറ്റോറിയൽ




ചിതറിയ ചിന്തകളെ പരമാവധി അടുക്കോടെയും ചിട്ടയോടെയും ഒതുക്കി വെച്ചിരിക്കുന്നു.ഇതിൽ പ്രളയത്തിന്റെ കണ്ണുനീരുണ്ട്.അതിജ്ജീവനത്തിന്റെ കരുത്തുണ്ട്.പ്രതീക്ഷയുടെ ചിറകുകളുണ്ട്.ലോകത്തെ വിരൽത്തുമ്പിലാക്കാൻ കൊതിക്കുന്ന ബാല്യ കൗമാര വിസ്മയക്കാഴ്ചകളുടെ ഒരു നൂതന വസന്തം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

ആസ്വദിക്കൂ.......

ആശിർവദിക്കൂ........







# ലിറ്റിൽ കൈറ്റ്സ്

ഈ വർഷം ഞങ്ങൾ സ്കൂളിൽ വന്നപ്പോൾ ഇത്രയും ദിവസം ഞങ്ങൾ കാണാത്ത ഒരു അതിശയമാണ് little kite എന്ന് ഞങ്ങൾ പറയുന്നു . ഈ ലിറ്റിൽ കൈറ്റ് എന്നാൽ കളിക്കുന്ന ഒരു ക്ളാസ്സാണ് എന്നാണ് ഞാൻ കരുതിയത്. പക്ഷെ പുതിയ കാര്യങ്ങൾ പഠിക്കുന്നതിനു കൂടെ രസിക്കുന്നതിനും ഈ ലിറ്റിൽ കൈറ്റ് ഉപകാരപ്പെടുന്നു.ഞങ്ങൾ നന്നായി ചെയ്താൽ ഞങ്ങളെ ക്യാമ്പുകളിൽ പങ്കെടുപ്പിക്കുകയും ചെയ്യും ,അത്രയും ഉപകാരമാണ് ഈ little kite . ഇത്രയും നല്ല ഒരു പ്രോഗ്രാം ഒരുക്കിത്തന്ന littlekites നും എന്റെ ടീച്ചറിനും നന്ദി പറയുന്നു



***വിബിൻ ജയരാജ്***

# പുതിയ സ്ക്കൂൾ ബസ് ഉദ്ഘാടനം

നമ്മുടെ സ്കൂളിന്റെ വളരെ നാളത്തെ സ്വപ്നം പൂവണിഞ്ഞ ദിവസമായിരുന്നു 2018 ഡിസംബർ 1.ബഹു.ദേവികുളം എം.എൽ.എ ശ്രീ.എസ് രാജേന്ദ്രൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സിന്റെ ഉദ്ഘാടനം സ്കൂൾ അങ്കണത്തിൽ വെച്ച നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ബഹു. എം.എൽ.എ ശ്രീ.എസ് രാജേന്ദ്രൻ നിർവ്വഹിച്ചു.








# പനിനീർപ്പൂക്കൾ



ബിലീവീയ ബിനു

സ്നേഹത്താൽ വിരിയും പനിനീർപ്പൂവേ
നിനക്കെന്തു സൗന്ദര്യമാണ്
നിന്നിലെ സൗന്ദര്യം നുകരാൻ ഞാൻ കൊതിക്കുന്നു
പുഞ്ചിരിയോടെ വിരിയുന്ന നിന്റെ പൂമുഖം
എത്ര മനോഹരം
ആരും കൊതിക്കും നിന്റെയീ സൗന്ദര്യം
എന്തു ഭംഗീ നിന്നെകാണാൻ
രാത്രികാലങ്ങളിൽ നീ വിരിയുകിൽ
നിന്നിലെ സുഗന്ധം ഏവരിലും
സന്തോഷം വിരിയിക്കുന്നു

## തത്ത



**ശരണ്യ**

പച്ചനിറമുള്ള തത്ത
ചുവന്നചുണ്ടുള്ള തത്ത
കോവക്ക തിന്നും തത്ത
പേരക്ക തിന്നും തത്ത
സുന്ദരിയായ തത്തഎന്നും
എന്നും എന്റെ സ്വന്തം തത്ത

## പൂച്ച

**ശരണ്യ**



**കൊച്ചുപൂച്ച കുഞ്ഞിനൊരു**
**കൊച്ചുമിളി പറ്റി**
**കാച്ചിവച്ച ചൂടുപാൽ ഓടിച്ചെന്നു നക്കി**
**കൊച്ചുനാവ് പൊള്ളിയപ്പോൾ**
**കൊച്ചു പൂച്ച കാറി മ്യാവൂ മ്യാവൂ**
**പൂച്ച നല്ല പൂച്ച വൃത്തിയുള്ള പൂച്ച**
**പാലുവച്ച പാത്രം**
**വൃത്തിയാക്കി വെച്ചു**

## മൂന്നാറിലെ മഞ്ഞു വീഴ്ച ചിത്രങ്ങളിലൂടെ............. 12/01/2019















# പാവം കുരങ്ങൻ

മെഹ്റിന ഷെമീർ

ഒരിടത്ത് ഒരിടത്ത് ഒരു മുതല ഉണ്ടായിരിന്നു. ആ മുതലക്ക് ഒരു ഭാര്യ ഉണ്ടായിരിന്നു .ആ മുതലയുടെ ഭാര്യയ്ക്ക് കുരങ്ങ് ഇറച്ചി തിന്നാൻ ഒരു ആശ.മുതലയുടെ കൂട്ടുകാരൻ ഒരു കുരങ്ങായിരിന്നു . ആ കുരങ്ങൻ മരത്തിന്റെ മുകളിൽ ഇരിക്കുകയായിരുന്നു . വെള്ളം കുടിക്കാൻ എത്തിയ മുതല കുരങ്ങനെ ഒരു കാര്യം പറയാൻ ഉണ്ടെന്നു പറഞ്ഞു കുളത്തിലേക്കു കൊണ്ടുപോയി. പാവം കുരങ്ങൻ കൂട്ടുകാരനെ വിശ്വസിച്ച കുളത്തിലേക്ക് പോയി .കുരങ്ങനെ കണ്ടു പെൺമുതല ഒറ്റച്ചാട്ടം കുരങ്ങനെ തിന്നു.

# കാക്കച്ചാരുടെ അത്യാഗ്രഹം

ഉണ്ണിമായ

ഒരിടത്തു ഒരു പാവം കാക്കച്ചിയുണ്ടായിരുന്നു . ഒരു ദിവസം അവൻ വിശന്നിരിന്നപ്പോൾ അവനു ഒരു ആഗ്രഹം തോന്നി . ഇരതേടി ഇറങ്ങി അവൻ കുന്നുകളും തോടുകളും പാടങ്ങളും കടന്നു ഒരു ഗ്രാമത്തിലെത്തി . വിശന്നു മട്ടുത്തു അവൻ ഒരു വാഴക്കൈയിൽപോയിരുന്നു . കുറച്ചു നേരം കഴിച്ചപ്പോൾ ആ വഴക്കൈ ഒടിഞ്ഞുപാവം കാക്കച്ചി നിലത്തു വീണു . കാക്കച്ചി യുടെ കാലിൽ മുള്ളുകൊണ്ടു ചോരവന്നു. കാക്കച്ചിക്കു വേദന സഹിക്കാൻ വയ്യാതെ കാക്കച്ചി കരഞ്ഞു അപ്പോൾ അതുവഴി വന്ന മറ്റൊരു കാക്ക പാവം കാക്കച്ചിയെ കളിയാക്കി . അവൻ മഹാ വികൃതി ആയിരിന്നു  കാക്കച്ചി നേരെ മുറി വൈദ്യന്റെ അടുത്ത് ചെന്നു മുറി കാക്കച്ചി യോട് നടന്ന കാര്യം എന്താണെന്നു ചോദിച്ചു മനസിലാക്കി എന്നിട്ടു ഒരു മരുന്ന് കൊടുത്തു . എന്നിട്ടു പറഞ്ഞു കിണറിന്റെ വക്കിൽ വച്ച് അരച്ച് മുറിവിൽ പുരട്ടാൻ പറഞ്ഞു . കാക്കച്ചി വൈദ്യൻ പറഞ്ഞതുപോലെ ചെയ്തു . അങ്ങനെ ചെയ്തു കൊണ്ടിരിക്കെ മരുന്ന് കിണറ്റിൽ വീണു.മുങ്ങിയെടുത്തപ്പോൾ  അദ്‌ഭുതം ഒരു സ്വർണ കട്ട .

ഇത് കണ്ട മറ്റൊരു കാക്ക അതുവഴി വന്നു . മരുന്ന് എങ്ങനെയാണ് സ്വർണക്കട്ട ആയതെന്നു കാക്കച്ചി ചോദിച്ചു . കാക്കച്ചി നടന്ന കാര്യം പറഞ്ഞു . കാക്ക അതിശയം തോന്നി . കാക്കച്ചി ചെയ്തത് പോലെ ചെയ്യാൻ ശ്രമിച്ചു .കാക്ക അത് കൊത്തിയോടിച്ചു .കാക്ക താഴെ വീണു. പക്ഷെ മുള്ളു കുത്തിയില്ല . കുത്തി കയറ്റി. വേദന കൊണ്ട് കാക്കച്ചി വൈദ്യന്റെ അടുത്ത് വന്നു . വൈദ്യൻ മരുന്ന് കൊടുത്തു . കിണറിന്റെ അടുത്ത് വച്ച് മരുന്ന് വച്ച്  പക്ഷെ താഴെ വീണില്ല . കാക്ക മുങ്ങിയെടുത്തപ്പോൾ മണ്ണാങ്കട്ട . കാക്കയ്ക്ക് മരുന്നും കിട്ടിയില്ല  സ്വർണക്കട്ടയും കിട്ടിയില്ല .കിട്ടിയതോ മണ്ണാങ്കട്ട . വേദനകൊണ്ടത് വെറുതെയായി കാക്കച്ചിയുടെ ജീവിതം. ഇതാണ് പറയുന്നത് "അത്യാഗ്രഹം ആപത്താണ് "

## കാക്കയും കുയിലും

ബിലീവിയ ബിനു

ഒരിടത്തൊരു മരത്തിൽ കാക്കയും കുയിലും താമസിച്ചിരുന്നു . അവർ താമസിച്ചിരുന്ന മരത്തിനടുത്തു ഒരു മരമുണ്ടായിരുന്നു . കുയിൽ അഹങ്കാരിയും കാക്ക പാവയും ആയിരിന്നു . കുയിലിനു താനാണ് നന്നായി പാടുന്ന തെന്ന ഭാവം ഉണ്ടായിരിന്നു . കുയിൽ എപ്പോഴും ആ മരത്തിലെ മധുര കായ്കൾ പറിച്ചു തിന്നും . കാക്ക പറയും "അത് കഴിക്കരുത് . ഒരു പക്ഷെ അത് നിന്റെ ശബ്ദത്തെയും അല്ലെങ്കിൽ ജീവനെ തന്നെയും ബാധിച്ചേക്കാം . പക്ഷെ കുയിൽ അതൊന്നും കാര്യമാക്കാതെ ആ കായ്കൾ പറിച്ചു തിന്നു കൊണ്ടേയിരുന്നു . കാക്ക മറ്റു വൃക്ഷത്തിലെ ആപ്പിളും മറ്റു ഫലങ്ങളും ഭക്ഷിച്ചു ജീവിച്ചു . ഒരു ദിവസം കുയിൽ ഒന്ന് പറക്കാനിറങ്ങി . അവൾ ദൂരം പോയി . എല്ലായിടത്തും പോയി അവിടെ സന്തോഷിച്ചുല്ലസിച്ചു . അവൾക്കു അവിടെ വച്ച് കുറച്ചുകൂട്ടുകാരെ കിട്ടി . അവരെല്ലാം അവിടെ വച്ച് കുറച്ചു കൂട്ടുകാരെ കിട്ടി . അവരെല്ലാം പാട്ടുപാടുമായിരിന്നു .

എല്ലാവരും പിറ്റേദിവസം കളിയ്ക്കാൻ വരണമെന്ന് കുയിലിനോട് ആവശ്യപ്പെട്ടു കുയിൽ വരാമെന്നു സമ്മതിച്ചു തന്റെ വീട്ടിലേക്കു മടങ്ങി . അവൾക്കു വളരെ വിശക്കുന്നുണ്ടായിരുന്നു . അവൾ വീട്ടിലേക്കു ഒരുപാടു വൈകി ആണ് എത്തിയത് . കാക്ക ചോദിച്ചപ്പോൾ അവൾ എന്തൊക്കയോ പറഞ്ഞു ഒഴിഞ്ഞു മാറി അവൾ ആ മധുരകായകൾ എന്നത്തേയും പോലെ പറിച്ചു തിന്നു . പക്ഷെ അന്ന് കഴിച്ചത് കുറച്ചു കൂടി പോയി . പിറ്റേണ് അവൾ കാക്കയോട് പറഞ്ഞു വീണ്ടും തന്റെ കൂട്ടുകാരുടെ അടുത്തെത്തി . അവൾക്കു എന്തോ അസ്വസ്ഥത അനുഭവപെട്ടു . പക്ഷെ അവൾ അതൊന്നും കാര്യമാക്കാതെ കൂട്ടുകാരോടൊപ്പം കളിച്ചു നടന്നു . ഓരോരുത്തരും തന്റെ കഴിവ് പ്രകടിപ്പിച്ചു . കുയിലിനു പാട്ടുപാടാനാണ് അവസരം ലഭിച്ചത് . പക്ഷെ അവൾക്കു പാടാൻ സാധിച്ചില്ല .അവളുടെ ശബ്ദം അടഞ്ഞുപോയി .

എല്ലാവരും അവളെ കളിയാക്കി . അവൾ വളരെ വിഷമിച്ചു വീട്ടിലെത്തി . കുയിൽ കാക്കകയോട് വിവരം പറഞ്ഞു . തനിക്കു വയ്യായെന്നും തന്റെ ജീവൻ നഷ്ടപ്പെടുന്നതുപോലെ തോന്നുണ്ടു എന്നും പറഞ്ഞുകാക്ക വേഗം പോയി അപ്പുറത്തെ കാട്ടിലെ മയിൽ വൈദ്യരെ വിളിച്ചു കൊണ്ട് വന്നു .

ആ വൈദ്യൻ ധാരാളം ഔഷധചെടികൾ ഉപയോഗിച്ച് അസുഖം മാറ്റുന്ന മരുന്ന് നിർമിക്കുമായിരുന്നു . മയിൽ വൈദ്യൻ കുയിലിനെ പരിശോധിച്ചു. വിഷമുള്ള ഏതോ ഒരു വസ്തു കുയിലിന്റെ ഉള്ളിൽ ചെന്നിട്ടുണ്ട് എന്ന് വൈദ്യന് മനസിലായി .എന്താണ് കുയിൽ കഴിച്ചതെന്ന് വൈദ്യൻ കാക്കയോട് ചോദിച്ചു . അപ്പോൾ കാക്ക പറഞ്ഞു ഈ മധുരക്കായ ആണ് കുയിൽ കഴിച്ചത് .വൈദ്യൻ പറഞ്ഞു ഇത് വിഷക്കായ ആണ് . അപ്പോൾ തന്നെ വൈദ്യൻ ഒരു ഔഷധച്ചെടി പറിച്ചു കൊണ്ടുവരാൻ കാക്കയോട് പറഞ്ഞു . കാക്ക വേഗം പോയി ചെടിപറിച്ചു കൊണ്ട് വന്നു . വൈദ്യന്റെ നിർദേശമനുസരിച്ചു ചെടി ഇടിച്ചുപിഴിഞ്ഞ് അതിന്റെ നീര് എടുത്തു . ആ നീര് കുയിലിനു കൊടുത്തു . പിറ്റേദിവസം കുയിലിനു സുഖപ്പെട്ടു . അപ്പോൾ കുയിലിനു മനസിലായി കാക്ക പറഞ്ഞത് കേട്ടിരുന്നു എങ്കിൽ ഈ ഗതി വരില്ലായിരുന്നു എന്ന്.






## ഞങ്ങളുടെ സ്വപ്നം ലിറ്റിൽ കൈറ്റ്സ്

**അശ്വിൻ സന്തോഷ്**

ഞാൻ ആദ്യം വിചാരിച്ചത് കുട്ടികൾക്കുള്ള പരിപാടിയാണെന്നാണ് കാരണം ലിറ്റിൽ എന്ന വാക്കിന്റെ അർത്ഥം ചെറിയ എന്നാണ് അതുകൊണ്ട് അങ്ങനെ വിചാരിച്ചു. പിന്നീടാണ് ഞങ്ങൾക്കുള്ളതാണെന്നറിഞ്ഞത്.എസ് എസ് എൽ സി പരീക്ഷയ്ക്ക് മുപ്പത് മാർക്ക് കിട്ടുകയും മറ്റു സ്കൂളുകളിൽ ക്ളാസ്സിന് പോകുന്നതിന് കഴിഞ്ഞു. ലിറ്റിൽ കൈറ്റ് ഞങ്ങളെ പഠിപ്പിക്കുകയും ചിരിപ്പിക്കുകയും കളിപ്പിക്കുകയും ചെയ്യുന്നുണ്ട്. എല്ലാംക്കൊണ്ടും ലിറ്റിൽ കൈറ്റ് ഞങ്ങളുടെ സ്വപ്നമാണ്. ഞങ്ങൾ ലിറ്റിൽ കൈറ്റിനെയും അതു പഠിപ്പിക്കുന്ന അധ്യാപകരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

## പുസ്തകം

**അബിൻ**



ലോകത്തിലെ എന്റെ വലിയ കൂട്ടുകാരൻ
എന്റെ പുസ്തകമാണ് .വായിച്ചു വളരുവാൻ സഹായിച്ചത് എന്റെ പുസ്തകം, വായിക്കുവാൻ എന്നെ പേര്രിപ്പിച്ചത് പുസ്തകം അമ്മ മലയാളം ആണ് .എന്റെ പുസ്തകം എന്റെ ലോകം

## മഴ

ആദർശ് രാജൻ

എനിക്കായ് തൂളിയ - ഒരു കണ്ണീർ തുള്ളിയാണ് മഴ
എന്റെ സന്തോഷങ്ങളിലും എന്നോടപ്പമുള്ള മഴ
എന്റെ ദുഃഖങ്ങളകറ്റാനായി എന്നെ തഴുകി തലോടിയ മഴ
മഴയായ് വന്നു കുളിരായ് പെയ്ത മഴ
എൻ മുറ്റത്തെ തുളസിക്കതിരിനെ നനച്ച മഴ
ഒരു ഇടവപ്പാതി മഴ പോലെ
എന്റെ നെഞ്ചിൽ ഒരു ഇടം നേടിയ മഴ

## മഴവില്ല്

ആതിര റെജി


മഴവില്ലേ മഴവില്ലേ
മാനത്തെത്തും മഴവില്ലേ
മായല്ലേ നീ മായല്ലേ '
നീയെൻ കരളിൽ തേനല്ലേ
മയിലാട്ടം കണ്ണുകളിൽ
പുളകം പകരും മഴവില്ലേ  മാനത്തെത്തും
കാവ്യകളിൽ മാണി മുത്തണിയും മഴവില്ലേ
എനിക്ക് നിന്നടെ അടുത്തെത്താൻ
വഴിയറിയില്ലേ മഴവില്ലേ
മായല്ലേ നീ മറയല്ലേ
നീയെൻ കരളിന് മലരല്ലേ

## മുയലും കുറുക്കനും

അനന്യ



ഒരു ദിവസം ഒരു മുയൽ നടക്കാൻ ഇറങ്ങി .അന്ന് കുറുക്കൻ ഭക്ഷണം അന്വേഷിച്ചു നടക്കുകയായിരുന്നു . പെട്ടന്ന് കുറുക്കൻ ആ മുയലിനെ കണ്ടു . അപ്പോൾ കുറുക്കൻ വിചാരിച്ചു . ഇന്നത്തെ ഭക്ഷണം മുയൽ തന്നെ ആയിരിക്കട്ടേ എന്ന് വിചാരിച്ചു . മുയൽ കുറുക്കനെ കണ്ടു ഓടി . കുറുക്കൻ അതിനെ ഓടിച്ചു പിടിച്ചു . മുയലിന്റെ സുഹൃത്ത് ഒരു പാമ്പു വന്നു മുയലിനെ രക്ഷിച്ചു . കുറുക്കനെ കൊന്നു . അങ്ങനെ അവന്റെ ശല്യം തീർന്നു കിട്ടി.



## സ്റ്റാഫ് എഡിറ്റർ

*2018 വർഷം നമുക്ക് മറക്കാനാകാത്ത ഒരു വർഷമാണ്. '99 ലെ വെള്ളപ്പൊക്കം എന്നു പഴമക്കാർ പറഞ്ഞ അറിവും പുസ്തകങ്ങൾ വായിച്ചുള്ള അറിവുമേ നമുക്കുണ്ടായിരുന്നുള്ളൂ. എന്നാൽ നാം ഇപ്പോൾ ദൃക്സാക്ഷികളായി. വെള്ളം പൊങ്ങുകയും അതേവേഗത്തിൽ ഇറങ്ങുകയും ചെയ്യുന്നതാണ് പതിവ് രീതി. കൂടിപ്പോയാൽ ഒരുദിവസം വെള്ളമിറങ്ങാതെ നിൽക്കും. ഇതാണ് കേരളം പരിചയിച്ച വെള്ളപ്പൊക്കം. ഇത്തവണ ഇതെല്ലാം തെറ്റിച്ചാണ് മഴയും പുഴയും ഒത്തുകളിച്ചത്. ഓഗസ്റ്റ് മാസത്തിൽ തുടക്കം 18 ദിവസം ഏതോവാശിയോടെ എന്നപോലെ മഴ പെയ്തുകൊണ്ടേ ഇരുന്നു. ഇടമുറിയാതെ ഇടവപ്പാതി എന്തെന്ന് പുതിയ തലമുറ കാണുകയായിരുന്നു.*

*അവിടെയും നിന്നില്ല മഴയുടെ പക.*

*തീവ്രമഴയെന്ന കാലാവസ്ഥാ പ്രവചനം അക്ഷരാർഥത്തിൽ ശരിയെന്ന് തെളിയിക്കുന്നതായിരുന്നു ഓഗസ്റ്റ് ഒൻപത് മുതൽ പതിനെട്ട് വരെയുള്ള ദിവസങ്ങൾ. നിരന്തരം ശക്തമായി മഴപെയ്തു, നാടും നഗരവും കാടും മലയും പുഴയും അതിൽമുങ്ങി. കേരളം പ്രളയമെന്ന യാഥാർത്ഥ്യം അനുഭവിച്ചു തുടങ്ങുകയായിരുന്നു. മഴ അതിശക്തമാകുകയും, വെള്ളം കവിഞ്ഞൊഴുകയും അത് ഒഴുകിപ്പോകുന്ന വഴിയെല്ലാം തടസ്സങ്ങൾ ഉയരുകയും ചെയ്തപ്പോൾ പുഴകൾ വഴിമാറി ഒഴുകാൻ തീരുമാനിച്ചു. സംഭരണികളിലെ ജലം കൂടി എത്തിയതോടെ അപ്പാടെ വെള്ളത്തിൽ മുങ്ങുന്ന സ്ഥിതിയായി. നികത്തിയ വയലിലും തണ്ണീർതടത്തിലും സിമന്റിട്ട് ഭംഗിയാക്കിയ മുറ്റത്തും വെള്ളം. പെരുമഴയും പ്രകൃതിയെ മറന്നുള്ള വികസനവും കൈകോർത്തു, കേരളം പ്രളയജലത്തിൽ മുങ്ങി.*

*ഓഗസ്റ്റ് 14 മുതൽ 18 വരെ എല്ലാപുഴയും കരകവിഞ്ഞൊഴുകി.*

*നേരത്തെ തന്നെ വെള്ളം നിറഞ്ഞിരുന്ന സംഭരണികളൊന്നൊന്നായി തുറന്നുവിടേണ്ടി വന്നു. കായലും കുളവും തോടും എല്ലാം നിറഞ്ഞൊഴുകിയതോടെ നാടാകെ വെള്ളത്തിനടിയിൽ. പുഴയോരത്തു നിന്ന് ആറും ഏഴും കിലോമീറ്റർ അകലെപോലും രണ്ടാൾപൊക്കത്തിൽ വെള്ളം കയറി. കെട്ടിടങ്ങളും പാലവും റോഡും വാഹനങ്ങളും മരങ്ങളും എല്ലാം തകർത്തായിരുന്നു വെള്ളത്തിന്റെ വരവ്. ചെളി, പാറ, ചെടികൾ, പ്ളാസ്റ്റിക്കും മറ്റ് മാലിന്യവും, ചത്ത മൃഗങ്ങൾ ഇങ്ങനെ വെള്ളം ഒഴുക്കിക്കൊണ്ട് വന്നത് ദുസ്വപ്്നത്തിന് സമാനമായ കാഴ്ചകൾ. നരകതുല്യമായ അനുഭവങ്ങൾ പിന്നെയും ജനങ്ങളെ കാത്തിരിക്കുകയായിരുന്നു. നട്ടുച്ചക്കും ഇരുൾപരത്തുന്ന മഴ, അനുനിമിഷം പൊങ്ങുന്ന വെള്ളം, ടെറസിനുമുകളിൽ, വെള്ളടാങ്കിന് മുകളിൽ, മേൽക്കൂരകളിൽ അഭയം തേടിയ ആയിരങ്ങൾ. കുടിക്കാനും കഴിക്കാനും ഒന്നുമില്ല. പുഴയേത് കരയേതെന്നറിയാത്ത രീതിയിൽ എങ്ങും വെള്ളം.*

## ചില കാഴ്ചകൾ



## അതിജീവനം












# ചില പ്രവർത്തനങ്ങൾ ക്യാമറക്കണ്ണിലൂടെ.................


















# നന്ദിയോടെ.....

ടീം ലിറ്റിൽ കൈറ്റ്സ് ..........

## ഗവ.ഹൈ സ്ക്രൂൾ കല്ലാർ വട്ടയാർ

